**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 296** **26-10-2021 - ൽ മറുപടിയ്ക്ക്**

**സമുദ്ര സൗജന്യ ബസ് സർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ , ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ, ശ്രീ. പി.വി. ശ്രീനിജിൻ, ശ്രീ വി ജോയി | | Shri Antony Raju (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യവില്പന നടത്തുന്ന വനിതകൾക്കായി കെ.എസ്.ആർ.ടി.സി.യും ഫിഷറീസ് വകുപ്പും സംയുക്തമായി ആരംഭിച്ച സമുദ്ര സൗജന്യ ബസ് സർവ്വീസിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | മത്സ്യവിപണനത്തിനായി തീരദേശത്ത് നിന്നും വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും യാത്ര ചെയ്യുന്ന വനിതാ തൊഴിലാളികൾ നിലവിൽ അമിത ചാർജ്ജ് നൽകി ഓട്ടോറിക്ഷകളെയാണ് ആശ്രയിച്ചിരുന്നത്. രാവിലേയും രാത്രിയിലും പല സ്ഥലങ്ങളിൽ നിന്നും യാത്ര ചെയ്യുന്ന ഇവർക്ക് ഓട്ടോറിക്ഷാക്കൂലി ഭാരമാകുന്നു എന്ന് മാത്രമല്ല രാത്രികാലങ്ങളിൽ തിരികെ പോകാൻ അവ ലഭ്യമാകാത്ത സ്ഥിതിയും ഉണ്ട്. ഇതിന് പരിഹാരമെന്ന നിലയിൽ തിരുവനന്തപുരം ജില്ലയിലെ പ്രധാന മത്സ്യ വിപണന കേന്ദ്രങ്ങളിൽ നിന്നും നഗരത്തിനുള്ളിലെ വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും വനിതാ മത്സ്യ തൊഴിലാളികളെ എത്തിക്കുന്നതിനായി പ്രത്യേക സംവിധാനങ്ങളോട്ടു കൂടിയ പ്രത്യേക നിറത്തിലുള്ള 3 സ്പെഷ്യൽ ബസ്സുകൾ കെ.എസ്.ആർ.ടി.സി.യ്ക്ക് മത്സ്യബന്ധന വകുപ്പിൽ നിന്നും 67.50 ലക്ഷം രൂപ വാർഷിക ഗ്രാന്റ് ലഭ്യമാകുന്ന വ്യവസ്ഥയിൽ സർവ്വീസ് നടത്തി വരുന്നു. മറ്റു ജില്ലകളിൽ നിന്നും ലഭ്യമാകുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ ഈ പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (ബി) | പ്രസ്തുത ബസ് സർവ്വീസ് എല്ലാ ജില്ലകളിലും ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; | (ബി) | മത്സ്യവിപണനത്തിനായി തീരദേശത്ത് നിന്നും വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും യാത്ര ചെയ്യുന്ന വനിതാ തൊഴിലാളികൾ നിലവിൽ അമിത ചാർജ്ജ് നൽകി ഓട്ടോറിക്ഷകളെയാണ് ആശ്രയിച്ചിരുന്നത്. രാവിലേയും രാത്രിയിലും പല സ്ഥലങ്ങളിൽ നിന്നും യാത്ര ചെയ്യുന്ന ഇവർക്ക് ഓട്ടോറിക്ഷാക്കൂലി ഭാരമാകുന്നു എന്ന് മാത്രമല്ല രാത്രികാലങ്ങളിൽ തിരികെ പോകാൻ അവ ലഭ്യമാകാത്ത സ്ഥിതിയും ഉണ്ട്. ഇതിന് പരിഹാരമെന്ന നിലയിൽ തിരുവനന്തപുരം ജില്ലയിലെ പ്രധാന മത്സ്യ വിപണന കേന്ദ്രങ്ങളിൽ നിന്നും നഗരത്തിനുള്ളിലെ വിവിധ |

| | | | |
|---|---|---|---|
| | | | സ്ഥലങ്ങളിലേയ്ക്കും തിരിച്ചും വനിതാ മത്സ്യ തൊഴിലാളികളെ എത്തിക്കുന്നതിനായി പ്രത്യേക സംവിധാനങ്ങളോടു കൂടിയ പ്രത്യേക നിറത്തിലുള്ള 3 സ്പെഷ്യൽ ബസ്സുകൾ കെ.എസ്.ആർ.ടി.സി.യ്ക്ക് മത്സ്യബന്ധന വകുപ്പിൽ നിന്നും 67.50 ലക്ഷം രൂപ വാർഷിക ഗ്രാന്റ് ലഭ്യമാകുന്ന വ്യവസ്ഥയിൽ സർവ്വീസ് നടത്തി വരുന്നു. മറ്റു ജില്ലകളിൽ നിന്നും ലഭ്യമാകുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ ഈ പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (സി) | ഡീസൽ, സ്പെയർപാർട്സ്, ജീവനക്കാരുടെ ശമ്പളം എന്നീ ഇനത്തിൽ ഇത്തരത്തിലുള്ള ഒരു ബസിന് പ്രതിവർഷം എത്ര തുക ചെലവാകുമെന്നും ഈ തുക നൽകുന്നത് ഏത് വകുപ്പാണെന്നും എത്ര പേർക്ക് പ്രസ്തുത ബസിൽ യാത്രചെയ്യുവാൻ കഴിയുമെന്നും വിശദമാക്കുമോ; | (സി) | ഡീസൽ, സ്പെയർ പാർട്സ്, ജീവനക്കാരുടെ വേതനം (ഡ്രൈവർ) എന്നീ ഇനത്തിൽ ഒരു ബസ്സിന് ഒരു ദിവസത്തേയ്ക്ക് 7,500/- രൂപയാണ് പ്രത്യേക നിരക്കായി നിശ്ചയിച്ചിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 1) പരമാവധി 100 കിലോമീറ്റർ ദൂരത്തേയ്ക്കുള്ള നിരക്ക് - 4,000/- (കിലോമീറ്ററിന് 40 രൂപ നിരക്കിൽ) 2) ഡ്രൈവർമാരുടെ വേതനം (1500 x 2) - 3,000/- 3) മറ്റ് ഇനം (മെയിന്റനൻസ്, ടയർ, ഓയിൽ etc.) - 500/- അതായത് 100 കിലോമീറ്റർ ദൂരത്തിന് ബസ് ഒന്നിന് പ്രതിദിനം 7,500 രൂപയും, കൂടാതെ അധികമായി ഓടുന്ന ഓരോ കിലോ മീറ്ററിനും 30 രൂപാ വീതവും ചെലവ് കണക്കാക്കിയിരിക്കുന്നു. ഇത്തരത്തിൽ ഒരു മാസം ഞായറാഴ്ച ഒഴികെ 25 ദിവസം ബസ് ഓപ്പറേറ്റ് ചെയ്യുന്നതാണ്. നിലവിലെ ഡീസൽ, സ്പെയർ പാർട്സ്, ടയർ തുടങ്ങിയവയുടെ വിലയുടെ അടിസ്ഥാനത്തിലാണ് ഇപ്പോഴത്തെ തുക നിശ്ചയിച്ചിട്ടുള്ളത്. ഈ നിരക്ക് ഒരു വർഷത്തേയ്ക്ക് ബാധകമായിരിക്കും. എന്നാൽ ഒരു ലിറ്റർ ഡീസലിന്റെ വില 110 രൂപയിൽ കൂടുതൽ ആവുകയാണെങ്കിൽ അതിന് ആനുപാതികമായി ഇപ്പോഴത്തെ തുക പുതുക്കി നിശ്ചയിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ ബസ്സുകൾ രണ്ട് ഡ്രൈവർമാർ സഹിതം പ്രത്യേക സർവ്വീസായി എല്ലാ ദിവസവും നിലനിർത്തുന്നതിനാൽ ബസ് ഒന്നിന് 25 ദിവസത്തേക്ക് 7,500/- രൂപ ക്രമത്തിൽ ആകെ 67.5 ലക്ഷം രൂപയാണ് ഒരു വർഷത്തേയ്ക്ക് കെ.എസ്.ആർ.ടി.സി.യ്ക്ക് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത ബസ്സുകൾ കാലത്ത് 06.00 മണി മുതൽ രാത്രി 10.00 മണി വരെ ഓപ്പറേറ്റ് ചെയ്യുന്നതാണ്. ഒരു ബസ്സിൽ 24 വനിതാ മത്സ്യ തൊഴിലാളികൾക്ക് ഇരുന്ന് യാത്ര ചെയ്യുന്നതിനും, മത്സ്യ വിപണനത്തിനാവശ്യമായ മത്സ്യവും അനുബന്ധ സാധനങ്ങളും സൂക്ഷിക്കുന്നതിനും പ്രത്യേക സംവിധാനവും ഈ ബസ്സുകളിൽ ഒരുക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഗതാഗത വകുപ്പ് മന്ത്രിയുടേയും, മത്സ്യബന്ധന വകുപ്പ് മന്ത്രിയുടേയും |

| | | | |
|---|---|---|---|
| | | | അദ്ധ്യക്ഷതയിൽ 29.06.2021-ന് യോഗം ചേർന്ന് 3 ബസ്സുകൾ മത്സ്യബന്ധന വകുപ്പിന് വിട്ട് നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യ്ക്ക് മത്സ്യബന്ധന വകുപ്പിൽ നിന്നുമാണ് ഈ തുക നൽകുന്നത്. മത്സ്യബന്ധന വകുപ്പിന്റെ 02.08.2021-ലെ G.O. (Rt) No. 371/2021/F&P ഉത്തരവ് പ്രകാരം ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. മൂന്ന് ബസ്സുകൾക്കും കൂടി ഒരു വർഷം 67.50 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതി 28.08.2021 തീയതിയിൽ മുഖ്യമന്ത്രി, ഗതാഗത വകുപ്പ് മന്ത്രിയുടേയും മറ്റ് മന്ത്രിമാരുടെയും സാന്നിദ്ധ്യത്തിൽ ഫ്ലാഗ് ഓഫ് ചെയ്തു. നിലവിൽ ഈ പദ്ധതി വിജയകരമായി സർവ്വീസ് നടത്തി വരുന്നു. |
| (ഡി) | സമുദ്ര ബസുകളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | നിലവിൽ തിരുവനന്തപുരം ജില്ലയിൽ മാത്രമാണ് 'സമുദ്ര' പദ്ധതിപ്രകാരം 3 സ്പെഷ്യൽ ബസ്സുകൾ സർവ്വീസ് നടത്തി വരുന്നത്. മറ്റ ജില്ലകളിൽ നിന്നും ലഭിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ, മറ്റ ജില്ലകളിൽ കൂടി ഈ പദ്ധതി നടപ്പിലാക്കി, ബസ്സുകളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ